LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച്, ആരോഗ്യസ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതിനപ്പുറം ഓരോ സ്ഥാപനങ്ങളിലും നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള നയമാണ് ആർദ്രം മിഷനിലൂടെ ആരോഗ്യ വകുപ്പ് തുടർന്നുവരുന്നത്. ഈ ആശുപത്രിയിൽ അധിക തസ്തികകൾ സൃഷ്ടിക്കാൻ കഴിയുമോ എന്ന കാര്യം സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി കണക്കിലെടുത്ത് പരിശോധിക്കുന്നതാണ്. പ്രധാനപ്പെട്ട കാര്യം, അനുവദിച്ച തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെങ്കിൽ, പ്രത്യേകം പരിശോധിച്ച് നിയമനം നടത്തുന്നതാണ്

(8) റോഡ് നിർമ്മാണം

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 2018 ജൂലൈ മാസം 12-ാം തീയതി അന്നത്തെ പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ നിർമ്മാണോദ്ഘാടനം നടത്തിയ കുണ്ടറ-മുളവന-ചിറ്റുമല-മൺറോതുരുത്ത് റോഡിന്റെ നിർമ്മാണ പ്രവൃത്തി മൂന്ന് കരാറുകാരാണ് ഏറ്റെടുത്തിരുന്നത്. അതിൽ രണ്ട് കരാറുകാർ പിന്മാറി. ഇപ്പോൾ ഒരു കരാറുകാരനായി മാറി. അവിടെ കുറേയധികം പ്രവൃത്തികൾ നടന്നു. ഇനി കൂടുതൽ ഭാഗത്തിന്റെ വർക്ക് നടക്കേണ്ടതായിട്ടുണ്ട്. കിഴക്കേ കല്ലട - മൺറോതുരുത്ത് - കുണ്ടറ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഈ പ്രധാനപ്പെട്ട റോഡിന്റെ നിർമ്മാണം നാളിതുവരെ പൂർത്തീകരിക്കപ്പെട്ടിട്ടില്ല. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ അവിടത്തെ ജനങ്ങളെല്ലാം ഈ വിഷയം ഉന്നയിക്കുകയുണ്ടായി. കിഴക്കേ കല്ലട, മൺറോതുരുത്ത് പഞ്ചായത്തുകളിലെ കുറച്ച് വോട്ട് അങ്ങനെ നഷ്ടപ്പെട്ടു. ഈ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് മൂന്നുതവണ ഞാൻതന്നെ മുൻകയ്യെടുത്ത് റിവ്യൂ മീറ്റിംഗ് നടത്തി. അപ്പോഴെല്ലാം ഈ കരാറുകാരൻ നാളെ തുടങ്ങുമെന്ന് പറയുന്നതല്ലാതെ നാളിതുവരെ തുടങ്ങിയില്ല. എം.എൽ.എ. വിളിച്ചാൽ കരാറുകാരൻ ഫോൺ എടുക്കില്ല, കൊല്ലം റോഡ്സ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ വിളിച്ചാലും അദ്ദേഹം ഫോൺ എടുക്കില്ല. ഇങ്ങനെയൊരു കരാറുകാരൻ എന്റെ മണ്ഡലത്തിൽവന്ന് വർക്ക് എടുത്തു. ആക്ഷേപങ്ങളല്ലാതെ മറ്റൊന്നുമില്ല. എം.എൽ.എ.-മാർ മന്ത്രിമാരുടെ അടുത്തുപോയി അംഗീകാരം വാങ്ങിക്കൊണ്ടുവരുന്ന വർക്കുകളാണ്. ഇത് ഈ കരാറുകാരനറിയാമോ? ഞങ്ങളെന്ത് പ്രയാസപ്പെട്ട് കൊണ്ടുവരുന്ന വർക്കുകളാണ്.

LIBRARY ARCHIVES Kerala Legislative Assembly

കാശില്ലെങ്കിൽ വർക്കെടുക്കാൻ വരരുത്. ഇങ്ങനെ കുറച്ച് കരാറുകാരുണ്ട്. കാശില്ലാതെ വർക്കെടുക്കും, പകുതിയാക്കി പോകും. അവിടെ റോഡ് വീതി കൂട്ടണം. എം.എൽ.എ.-യും അന്നത്തെ പഞ്ചായത്ത് പ്രസിഡന്റും അവിടത്തെ രാഷ്ട്രീയ പാർട്ടി നേതാക്കന്മാരടക്കം രണ്ടര കിലോമീറ്ററോളം ദൂരംവരുന്ന ഇരുവശത്തുമുള്ള വീടുകളിൽ എം.എൽ.എ. തന്നെ നേരിട്ടുപോയി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ റോഡ് വീതികൂട്ടുന്നതിന് വസ്തു നൽകാമെന്ന് അവർ പറഞ്ഞു. കരാറുകാരൻ നിസ്സംഗത കാണിക്കുന്നതുകൊണ്ട് ഈ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് കുണ്ടറ-മുളവന-ചിറ്റുമല-മൺറോതുരുത്ത് റോഡിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കുന്നതിന് നിലവിലുള്ള കരാറുകാരനെ ടെർമിനേറ്റ് ചെയ്ത് പുതിയ കരാറുകാരനെ വച്ച് കാലതാമസം കൂടാതെ വർക്ക് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ശ്രീ. കോവൂർ കുഞ്ഞുമോൻ പറഞ്ഞ അഭിപ്രായങ്ങളോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. എന്റെ മണ്ഡലത്തിൽനിന്നാണ് ഈ റോഡ് ആരംഭിക്കുന്നത്. അടിയന്തരമായി വർക്ക് ആരംഭിക്കുന്നതിന് നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, വളരെ ഗൗരവമുള്ള വിഷയമാണ് ശ്രീ. കോവൂർ കുഞ്ഞുമോൻ ഇവിടെ ഉന്നയിച്ചിട്ടുള്ളത്. 2016-17-ൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ റോഡ് പ്രവൃത്തിക്ക് ഭരണാനുമതി നൽകി. 23.94 കോടി രൂപയ്ക്ക് ഒറ്റ കരാറായി തോപ്പിൽ കൺസ്ട്രക്ഷൻ ഏജൻസിക്ക് പ്രവൃത്തിയുടെ കരാർ നൽകി. ഈ പ്രവൃത്തി 2019-ൽ അവസാനിക്കേണ്ടതായിരുന്നു. ഞാൻ അതിന്റെ ജി.ഒ. പരിശോധിച്ചു. ഈ ബഡ്ജറ്റിൽ 76 റോഡുകൾക്ക് 1,271 കോടി രൂപയുള്ള ഭരണാനുമതി കൊടുത്തിരുന്നു, അത് പൂർത്തീകരിച്ചു. പക്ഷേ, ഇവിടെ സൂചിപ്പിച്ച റോഡിന്റെ വിഷയം നിലനിൽക്കുന്നുണ്ട്. 35 ശതമാനം പ്രവൃത്തി മാത്രമാണ് അവിടെ പൂർത്തീകരിച്ചിട്ടുള്ളത്. ഫീൽഡ് ഓഫീസറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കരാർ കാലാവധി സാധാരണ പിഴ ഈടാക്കി ദീർഘിപ്പിക്കാൻ തീരുമാനിച്ചിരുന്നു. എന്നാൽ സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പുവയ്ക്കാൻപോലും ടി കരാറുകാരൻ അലംഭാവം കാണിച്ചു. ഇതൊരിക്കലും അംഗീകരിക്കാൻ കഴിയാത്തതാണ്. കരാറുകാരനെ നിയമപരമായി ഒഴിവാക്കി പ്രവൃത്തി പുനഃക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.